ചെലവിൽ ഗുണമേന്മയുള്ള മാനവശേഷി ലഭ്യമാക്കുക, തൊഴിലില്ലായ്മ പരിഹരിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഈ പദ്ധതിപ്രകാരം കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) അസംഘടിത മേഖലയിലെ തൊഴിൽ വൈദഗ്ധ്യം ഉള്ളവരുടെ രജിസ്ട്രേഷൻ നടത്തുക, വെബ് പോർട്ടൽ, 24 മണിക്കൂർ കാൾസെന്റർ, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോട് അനുബന്ധിച്ചുള്ള സർവ്വീസ് സെന്റർ മുതലായവ വഴി പദ്ധതിയുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നീ കാര്യങ്ങളാണ് നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) പദ്ധതിയുടെ പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ആയത് പരിശോധിച്ച് പദ്ധതി കൂടുതൽ ജനോപകാരപ്രദവും ആകർഷകവുമാക്കുന്നതിന് വിവിധതലങ്ങളിൽ ചർച്ചകൾ നടത്തിവരുന്നു.

ശരണ്യ പദ്ധതി

145 (8205) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

ശരണ്യ പദ്ധതി എന്നുമുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ശരണ്യ സ്വയംതൊഴിൽ പദ്ധതി 2010-11 സാമ്പത്തിക വർഷംമുതൽ ആരംഭിച്ചിട്ടുണ്ട്.

തൊഴിലില്ലായ്മ വേതന വിതരണം

146 (8206) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിലില്ലായ്മ വേതനമായി എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) തൊഴിലുറപ്പ് പദ്ധതി വ്യാപകമായ സാഹചര്യത്തിൽ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ ;

(സി) തൊഴിലില്ലായ്മ വേതനം പറ്റുന്നവർ തൊഴിലുറപ്പ് പദ്ധതിയിൽ അംഗമാണോ എന്ന് പരിശോധിക്കാറുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly